# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1226** **06.03.2018 ൽ മറുപടിയ്ക്ക്**

## പച്ചക്കറി കൃഷികൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേക കലണ്ടർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് പച്ചക്കറി കൃഷികൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേക കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ; ഇതുമൂലം കർഷകർക്ക് ലഭിക്കുന്ന ഗുണങ്ങൾ വ്യക്തമാക്കുമോ; | എ) ഉണ്ട്. ആയതുവഴി കർഷകർക്ക് ലഭിക്കുന്ന ഗുണങ്ങൾ താഴെ ചേർത്തിരിക്കുന്നു.<br>1. ഏത് വിള ഏത് സീസണിൽ ചെയ്യേണ്ടതാണ് എന്ന വിവരം ലഭിക്കും.<br>2. എവിടെയെല്ലാം ഏതൊക്കെ വിളകൾ ഏതൊക്കെ സീസണിൽ കൃഷി ചെയ്യുന്നു എന്ന വിവരം ലഭിക്കും.<br>3. ഏതെല്ലാം പച്ചക്കറികൾ എവിടെ ലഭ്യമാകും എന്ന വിവരം ലഭിക്കും.<br>4. ഓരോ മാസവും സ്വീകരിക്കേണ്ട പരിചരണ മുറകൾ കലണ്ടറിൽ വ്യക്തമാക്കും.<br>5. ഇതുമൂലം ഒരേയിനം പച്ചക്കറികൾ കൂടുതലായി കൃഷി ചെയ്യുന്നതുകൊണ്ടുള്ള വിലയിടിവ് തടയാൻ കഴിയും.<br>6. ഓണം, വിഷു ഉത്സവ സീസണുകളിൽ നാടൻ പച്ചക്കറികളുടെ ലഭ്യത ഉറപ്പാക്കാൻ കഴിയുകയും ഓണസമൃദ്ധി, വിഷുക്കണി മാർക്കറ്റുകളിലൂടെ പത്ത് ശതമാനം അധിക വില നൽകി സംഭരിക്കുക വഴി കൃഷിക്കാർക്ക് നല്ല വിപണി വില ലഭിക്കും.<br>7. വിവിധ സീസണുകളിൽ ലഭിക്കുന്ന ഉല്പന്നങ്ങൾ മറ്റു ജില്ലകളിലേയ്ക്ക് ലഭ്യമാക്കുവാൻ കഴിയും. |

| | |
|---|---|
| ബി) സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ വിവിധ കാലയളവുകളിൽ കൃഷിചെയ്യുന്ന പച്ചക്കറികളുടെ വിശദമായ രൂപരേഖ ഈ കലണ്ടറിലൂടെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | ബി) സ്വീകരിച്ചിട്ടുണ്ട്. |

Mayal

**സെക്ഷൻ ഓഫീസർ**